# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 4091 25/06/2018 ൽ മറുപടിയ്ക്ക്

## നിലമ്പൂർ സൗത്ത് ഡിവിഷനിൽ ഏറ്റെടുത്ത ഭൂമി

ചോദ്യം

ശ്രീ. വി.ആർ സുനിൽ കുമാർ

ഉത്തരം

അഡ്വ: കെ. രാജു
(വനവും മൃഗസംരക്ഷണവും
മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ | നിലമ്പൂർ സൗത്ത് ഡിവിഷനിൽ കാളികാവ് റേഞ്ചിൽ കരുവാരക്കുണ്ട് കള്ളൽ മുക്കത്തി ഭാഗത്തുള്ള തൊമ്മച്ചൻ കൊക്കപ്പുഴ (ജോസഫ് തോമസ്) യുടെയും ബന്ധുക്കളുടെയും പേരിലുള്ള 20 ഏക്കർ ഭൂമി ഏറ്റെടുത്തതിനെതിരെയുള്ള മഞ്ചേരി ഫോറസ്റ്റ് ട്രൈബ്യൂണലിന്റെ (OA 47, OA 48) നമ്പർ കേസിൽ തൊമ്മച്ചന് അനുകൂലമായ വിധിയിൻമേൽ സർക്കാർ ബഹു:ഹൈക്കോടതിയിലും (എം.എഫ്.എ 665/2003) ബഹു:സുപ്രീം കോടതിയിലും ( CA 10028 of 2010) സമർപ്പിച്ച അപ്പീൽ പ്രസ്തുത കോടതികൾ തള്ളിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | എ | മേൽ 20 ഏക്കർ ഭൂമി ഏറ്റെടുത്തതിനെതിരെ മഞ്ചേരി ഫോറസ്റ്റ് ട്രൈബ്യൂണലിൽ OA-47, OA-48/2002 നമ്പർ കേസ്സിൽ തൊമ്മച്ചന് അനുകൂലമായ വിധിയിൻമേൽ സർക്കാർ ബഹു.ഹൈക്കോടതിയിൽ MFA-665/2003 ഫയൽ ചെയ്തു, കേസ്സിലും ബഹു.സുപ്രീം കോടതിയിൽ CA-10028/2010 സമർപ്പിച്ച അപ്പീൽ കേസ്സിലും മേൽ കോടതിയിൽ അപേക്ഷകന് അനുകൂലമായി വിധിയായിട്ടുണ്ട്. |
| ബി | എങ്കിൽ പ്രസ്തുത 20 ഏക്കർ സ്ഥലം തൊമ്മച്ചനും ബന്ധുക്കൾക്കും എൻ.ഒ.സി. അടക്കമുള്ള സകല രേഖകളും ഉൾപ്പെടെ വിട്ടു നല്കുന്നതിന് നടപടി സ്വീകരിക്കുമോ; | ബി & സി | OA-47, OA-48/2002 നമ്പർ കേസ്സുകളിൽ ഉൾപ്പെട്ടിട്ടുള്ള ഭൂമി മുമ്പ് നടന്നിരുന്ന ഒ.എ 195/90, 196/90 നമ്പർ കേസ്സുകളിൽ ഉൾപ്പെട്ടിട്ടുള്ള അതേ ഭൂമി തന്നെയാണ്. ഒ.എ 195/90, ഒ.എ 196/90 കേസ്സുകളിൽ സർക്കാരിന് അനുകൂലമായ വിധി വന്നതിനുശേഷം അപേക്ഷകൻ MFA-832/91 ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ഒ.എ 47, ഒ.എ 48/2002 കേസ്സുകൾ പുതിയ ഒ.എ കളായി റീനമ്പർ ചെയ്തിട്ടുള്ളത്. മേൽ നമ്പർ കേസ്സുകളിൽ അപേക്ഷകന് അനുകൂലമായ വിധിയാണ് ഉണ്ടായിട്ടുള്ളത്. നിലവിൽ |
| സി | ഇത് സംബന്ധിച്ച് വനം വകുപ്പിൽ നിലവിലുള്ള ഇ 3/2/2018 നമ്പർ ഫയലിന്മേൽ കൈക്കൊണ്ട തീരുമാനം അറിയിക്കുമോ? | | |

| | | | |
|---|---|---|---|
| | | | ഇ.എഫ്.എൽ ആയി സർക്കാർ ഏറ്റെടുത്തിട്ടുള്ള ഭൂമികളിലായാണ് മേൽ ഭൂമി സ്ഥിതിചെയ്യുന്നത്. ടി ഭൂമിയും, ഇ.എഫ്.എൽ ഭൂമിയും ഒറ്റ ബ്ലോക്കായാണ് സ്ഥിതി ചെയ്യുന്നത്. ആയത് അതീവ ജൈവ പ്രാധാന്യമുള്ള നിത്യഹരിത മായാണ് ഈ സ്ഥലം കിടക്കുന്നത്. ആകയാൽ സുപ്രീം കോടതി വിധിയിന്മേലുള്ള നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഫയൽ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ